## PROVISIONAL ANSWER KEY

| | |
|---|---|
| Question Paper Code: | 51/2026/OL |
| Category Code: | 200/2025 |
| Exam: | Ticket Issuer Cum Master |
| Date of Test | 31-03-2026 |
| Department | Kerala Shippping and Inland Navigation Corporation Limited |
| Language: | Malayalam |

Question1:-1911 ലെ ചൈനീസ് വിപ്ലവത്തിൻെറ നേതാവായ സൺ-യാത്-സൺ ചൈനയുടെ പുനർനിർമ്മാണത്തിനായി ആവിഷ്കരിച്ച മൂന്നു തത്വങ്ങൾ ഏതൊക്കെയാണ് ?

A:-ദേശീയത, ജനാധിപത്യം, സോഷ്യലിസം

B:-സ്വാതന്ത്ര്യം, ജനാധിപത്യം, മതേതരത്വം

C:-ഭക്ഷണം, വസ്ത്രം, പാർപ്പിടം

D:-ഭക്ഷണം, ദേശീയത, സോഷ്യലിസം

Correct Answer:- Option-A

Question2:-ബ്രിട്ടീഷുകാർക്കെതിരെ ഇന്ത്യയിൽ നടന്ന 1857 ലെ മഹത്തായ കലാപവുമായി ബന്ധപ്പെട്ട താഴെക്കൊടുത്തിരിക്കുന്ന ഏതൊക്കെ പ്രസ്താവനകൾ ശരിയാണെന്ന് കണ്ടെത്തുക ?
i) കലാപം പൊട്ടിപ്പുറപ്പെട്ടത് മീററ്റിൽ ആണ്.
ii) ദേശീയവാദികൾ കലാപത്തെ ഇന്ത്യയുടെ ഒന്നാംസ്വാതന്ത്ര്യസമരമായി വിശേഷിപ്പിക്കുന്നു.
iii) കലാപകാരികൾ അവരുടെ പ്രധാനനേതാവായി പ്രഖ്യാപിച്ചത് ബഹദൂർഷാ രണ്ടാമനെയാണ്.
iv) കാൺപൂരിൽ കലാപത്തിന് നേതൃത്വം വഹിച്ചത് നാനാ സാഹിബായിരുന്നു.

A:-i, ii & iii മാത്രം ശരിയാണ്

B:-i, ii & iv മാത്രം ശരിയാണ്

C:-i & ii മാത്രം ശരിയാണ്

D:-i, ii, iii & iv എന്നിവയെല്ലാം ശരിയാണ്

Correct Answer:- Option-D

Question3:-സർദാർ വല്ലഭായി പട്ടേലുമായി ബന്ധപ്പെട്ട് താഴെകൊടുത്തിട്ടുള്ള ഏതൊക്കെ പ്രസ്താവനകൾ ശരിയാണെന്ന് കണ്ടെത്തുക ?
i) ഖേഡാ സത്യാഗ്രഹത്തിൻെറ പ്രധാന നേതാവായിരുന്നു.

ii) ബർദോളി സത്യാഗ്രഹത്തിന് നേതൃത്വം വഹിച്ചു.
iii) വൈക്കം സത്യാഗ്രഹത്തിന് നേതൃത്വം വഹിച്ചു.
iv) നാട്ടുരാജ്യങ്ങൾ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിന് നേതൃത്വം വഹിച്ചു.

A:-i, ii, & iv മാത്രം ശരിയാണ്

B:-ii & iv മാത്രം ശരിയാണ്

C:-i & iv മാത്രം ശരിയാണ്

D:-iii & iv മാത്രം ശരിയാണ്

Correct Answer:- Option-B

Question4:-കെ. കേളപ്പൻ അറസ്റ്റിലായതിനെ തുടർന്ന് കേരളത്തിലെ ഉപ്പ് സത്യാഗ്രഹത്തിന് നേതൃത്വം കൊടുത്തതാരായിരുന്നു ?

A:-മൊയ്യാരത്ത് ശങ്കരൻ

B:-കെ. ബി. മേനോൻ

C:-പണ്ഡിറ്റ് കെ. പി. കറുപ്പൻ

D:-കെ. പി. ആർ. ഗോപാലൻ

Correct Answer:- Option-A

Question5:-'ജാലിയൻ വാലാബാഗ് ദുരന്ത'വുമായി ബന്ധപ്പെട്ട് താഴെക്കൊടുത്തിരിക്കുന്ന ഏതൊക്കെ പ്രസ്താവനകൾ ശരിയാണെന്ന് കണ്ടെത്തുക ?
i) ബ്രിട്ടീഷ് സൈനിക മേധാവിയായ ജനറൽ ഡയറാണ് നിരായുധരായ ജനക്കൂട്ടത്തിന് നേരെ വെടിവെക്കാൻ ഉത്തരവിട്ടത്.
ii) ഹരിയാനയിലെ കുരുക്ഷേത്രയിലാണ് ഈ സംഭവം നടന്നത്.
iii) ഡോ. സൈഫുദ്ദീൻ കിച്ച്ലു, ഡോ. സത്യപാൽ ഇനി നേതാക്കന്മാരുടെ അറസ്റ്റിൽ പ്രതിഷേധിക്കുന്നതിന് വേണ്ടിയാണ് ജനങ്ങൾ ജാലിയൻവാലാബാഗ് മൈതാനത്ത് സമ്മേളിച്ചത്.
iv) കൂട്ടക്കൊലയിൽ പ്രതിഷേധിച്ച് രവീന്ദ്രനാഥ ടാഗോർ ബ്രിട്ടീഷുകാർ അദ്ദേഹത്തിന് സമ്മാനിച്ച 'സർ' പദവി ബ്രിട്ടീഷുകാർക്ക് തന്നെ തിരിച്ചു നൽകി.

A:-i, ii & iii മാത്രം ശരിയാണ്

B:-i, ii & iv മാത്രം ശരിയാണ്

C:-i & ii മാത്രം ശരിയാണ്

D:-i, iii & iv മാത്രം ശരിയാണ്

Correct Answer:- Option-D

Question6:-''ആക്സിയം-4'' ദൌത്യവുമായി ബന്ധപ്പെട്ട് ചുവടെ കൊടുത്തിരിക്കുന്ന ഏതൊക്കെ പ്രസ്താവനകൾ ശരിയാണ്.
i) ഈ ദൌത്യത്തിന്റെ വിക്ഷേപണ പേടകം 'ക്രൂ ഡ്രാഗൺ' ആയിരുന്നു.
ii) മിഷൻ കമാൻഡർ പെഗ്ഗി വിറ്റ്സൻ ആയിരുന്നു.

iii) സുനിതാ വില്യംസ് ഈ ദൌത്യത്തിൻെറ ഭാഗമായി ബഹിരാകാശത്ത്  എത്തിച്ചേർന്നു.
iv) ബുച്ച് വിൽ മോർ എന്ന് അമേരിക്കൻ ബഹിരാകാശ സഞ്ചാരിയും ഈ ദൌത്യത്തിൻെറ  ഭാഗമായി ബഹിരാകാശത്ത് എത്തിച്ചേർന്നു.

A:-i, ii & iv മാത്രം ശരിയാണ്

B:-iii & iv മാത്രം ശരിയാണ്

C:-i & ii മാത്രം ശരിയാണ്

D:-i, ii & iii മാത്രം ശരിയാണ്

Correct Answer:- Option-C

Question7:-ബാബർ ബെൽറ്റിന് സമാന്തരമായി ഏകദേശം 10 മുതൽ 20 കി. മി. വരെ വീതിയുള്ള ചതുപ്പനിലം

A:-ടെറായ്

B:-ബാങ്കർ

C:-ഖാദർ

D:-ലീവീസ്

Correct Answer:- Option-A

Question8:-ഇന്ത്യൻ ഉപദ്വീപീയ പീഠഭൂമിയിലെ വളരെ പഴക്കം ചെന്ന സ്ഫടികീയ കായാന്തരിത ശിലകൾ [ക്രിസ്റ്റ ലൈൻ മെറ്റ മോർഫിക്ക്] അപക്ഷയ പ്രക്രിയയ്ക്ക് വിധേയമായി രൂപപെട്ടത് ?

A:-കരിമണ്ണ്

B:-ചുവന്ന മണ്ണ്

C:-ലാറ്ററൈറ്റ്

D:-എക്കൽ

Correct Answer:- Option-B

Question9:-ശൈത്യ മേഖലയിലെ തുൺട്ടാ പ്രദേശങ്ങളിലെ നാടോടി ഗോത്രവിഭാഗം

A:-എസ്കിമോകൾ

B:-യാക്കൂസുകൾ

C:-സാമോയിഡുകൾ

D:-കൊറിയാക്കുകൾ

Correct Answer:- Option-C

Question10:-സിമൻറ്, കടലാസ് ഉൽപ്പന്നങ്ങൾ, പെയിൻറ്, ഗ്യാസ് സിലിണ്ടർ തുടങ്ങിയവയിൽ ______________ കാണുന്നു.

A:-AG MARK

B:-ISI MARK

C:-FSSAI MARK

D:-BIS HALLMARK

Correct Answer:- Option-B

Question11:-കടലിൽ നിന്നും ഈർപ്പാംശം നിറഞ്ഞ കാറ്റ് കരയിലേക്ക് പ്രവേശിക്കുകയും പർവ്വത ചരിവുകളിൽ ഉയർന്ന് പൊങ്ങി _______________ ന് കാരണമാകുന്നു.

A:-സംവഹനവൃഷ്ടി

B:-ശൈലവൃഷ്ടി

C:-തീരദേശവൃഷ്ടി

D:-ചക്രവാതവൃഷ്ടി

Correct Answer:- Option-B

Question12:-2024 ജനുവരിയിൽ ബ്രിക്സ് സംഘടനയിൽ അംഗമായി ചേർക്കപ്പെട്ട രാജ്യം

A:-റഷ്യ

B:-ഇന്ത്യ

C:-ചൈന

D:-ഈജിപ്ത്

Correct Answer:- Option-D

Question13:-താഴെപ്പറയുന്ന പ്രസ്താവനകളിൽ ശരിയേത് ?
i) നബാർഡ് 1982-ൽ രൂപീകരിക്കപ്പെട്ടു.
ii) നബാർഡ് പ്രധാനമായും കൃഷി, ഗ്രാമവികസനം എന്നിവക്കായുള്ള ധനസഹായവുമായി ബന്ധപ്പെട്ടതാണ്.
iii) നബാർഡ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഒരു സഹസ്ഥാപനമാണ്.

A:-i & ii മാത്രം

B:-ii & iii മാത്രം

C:-i & iii മാത്രം

D:-i, ii & iii എല്ലാം

Correct Answer:- Option-A

Question14:-ശരിയായത് തിരഞ്ഞെടുക്കുക.
i) ഇരുമ്പയിര് ഇന്ത്യയിലെ പ്രധാന ധാതുവാണ്.
ii) കേരളത്തിൽ ധാരാളമായി ലഭിക്കുന്ന ധാതു ഇൽമനൈറ്റ് ആണ്.
iii) ബോക്സൈറ്റ് (bauxite) പ്രധാനമായും ആന്ധ്രപ്രദേശിലാണ് ഉൽപാദിപ്പിക്കുന്നത്.

A:-i & ii മാത്രം

B:-ii & iii മാത്രം

C:-i, ii & iii എല്ലാം

D:-i & iii മാത്രം

Correct Answer:- Option-C

Question15:-ശരിയായത് ഏത്
i) റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ 1935-ൽ സ്ഥാപിക്കപ്പെട്ടു.
ii) ഇത് ഇന്ത്യയിലെ കേന്ദ്രബാങ്കാണ്.
iii) ഇതിന്റെ ആസ്ഥാനം മുംബൈയിലാണ്.

A:-i & ii മാത്രം

B:-ii & iii മാത്രം

C:-i, ii & iii എല്ലാം

D:-i & iii മാത്രം

Correct Answer:- Option-C

Question16:-Five Year Plans (പഞ്ചവത്സര പദ്ധതികൾ) സംബന്ധിച്ച് തെറ്റായ പ്രസ്താവനയേത് ?
i) ആദ്യ പദ്ധതി 1951-ൽ ആരംഭിച്ചു.
ii) പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ആദ്യ പഞ്ചവത്സര പദ്ധതിയുടെ ചെയർമാൻ ആയിരുന്നു.
iii) പന്ത്രണ്ടാം പദ്ധിതിയുടെ പ്രധാന ലക്ഷ്യം വേഗതയാർന്നതും ഉൾക്കൊള്ളുന്നതുമായ വളർച്ച (Faster and Inclusive Growth) ആയിരുന്നു.

A:-i & ii മാത്രം

B:-ii & iii മാത്രം

C:-i & iii മാത്രം

D:-Nothing is wrong (ഒന്നും തെറ്റല്ല)

Correct Answer:- Option-D

Question17:-ശരിയായത് തിരഞ്ഞെടുക്കുക.

i) ഇന്ത്യയിൽ ഹരിതവിപ്ലവം ആരംഭിച്ചത് 1960-കളിലാണ്.

ii) ഹരിതവിപ്ലവത്തിന്റെ പ്രധാന ലക്ഷ്യം വ്യവസായ വളർച്ച ആയിരുന്നു.

iii) എം. എസ്. സ്വാമിനാഥൻ ഈ വിപ്ലവവുമായി ബന്ധപ്പെട്ട പ്രമുഖ ശാസ്ത്രജ്ഞനാണ്.

A:-i & iii മാത്രം

B:-ii & iii മാത്രം

C:-i മാത്രം

D:-i, ii & iii എല്ലാം

Correct Answer:- Option-A

Question18:-പ്രധാനമന്ത്രി കിസാൻ പദ്ധതിയിലൂടെ (PM-KISAN) കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യം എന്താണ് ?

A:-സൌജന്യ വിള ഇൻഷുറൻസ്

B:-രാസവളങ്ങൾക്ക് സബ്സിഡി

C:-വായ്പമാപ്പ്

D:-ചെറുകിട കർഷകർക്ക് നേരിട്ടുള്ള വരുമാന സഹായം

Correct Answer:- Option-D

Question19:-ഇന്ത്യയിൽ നടന്ന G-20 ഉച്ചകോടി ഏത് നഗരത്തിലാണ് സംഘടിപ്പിച്ചത് ?

A:-മുംബൈ

B:-ഡൽഹി

C:-ബംഗളൂരു

D:-ഹൈദരാബാദ്

Correct Answer:- Option-B

Question20:-താഴെ തന്നിരിക്കുന്നവയിൽ ഭരണഘടനാ നിർമ്മാണ സമിതിയുടെ അധ്യക്ഷൻ ആര് ?

A:-ഡോ. ബി. ആർ. അംബേദ്കർ

B:-ഡോ. രാജേന്ദ്ര പ്രസാദ്

C:-ബി. എൻ. റാവു

D:-ജവഹർലാൽ നെഹ്റു

Correct Answer:- Option-B

Question21:-ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ മതേതരത്വം എന്ന പദം കൂട്ടിച്ചേർത്ത ഭരണഘടനാ ഭേദഗതി ഏത്

A:-41-ാം ഭരണഘടനാ ഭേദഗതി

B:-42-ാം ഭരണഘടനാ ഭേദഗതി

C:-43-ാം ഭരണഘടനാ ഭേദഗതി

D:-44-ാം ഭരണഘടനാ ഭേദഗതി

Correct Answer:- Option-B

Question22:-വിദ്യാഭ്യാസം ഇന്ത്യൻ ഭരണഘടനയിൽ താഴെപ്പറയുന്നവയിൽ ഏത് ലിസ്റ്റിൽ ഉൾപ്പെടുന്നു.

A:-യൂണിയൻ ലിസ്റ്റ്

B:-സംസ്ഥാന  ലിസ്റ്റ്

C:-കൺകറൻറ്  ലിസ്റ്റ്

D:-ഇവയൊന്നു മല്ല

Correct Answer:- Option-C

Question23:-തദ്ദേശ ഗവൺമെൻ്റുകൾക്ക് ഭരണഘടനാ പദവി ശുപാർശ ചെയ്ത കമ്മീഷൻ താഴെപ്പറയുന്നവയിൽ ഏതാണ് ?

A:-ബൽവന്ത്റായി മേത്ത കമ്മിറ്റി

B:-അശോക് മേത്ത കമ്മിറ്റി

C:-ഹനുമന്തറാവു കമ്മിറ്റി

D:-തുംഗൻ കമ്മിറ്റി

Correct Answer:- Option-D

Question24:-ഭരണഘടനയുടെ 10-ാമത്തെ പട്ടികയിൽ ഉൾപ്പെട്ടത് താഴെ തന്നിരിക്കുന്നവയിൽ ഏതാണ് ?

A:-കൂറുമാറ്റ നിരോധന ബിൽ

B:-നഗരപാലികാ ബിൽ

C:-പഞ്ചായത്ത് ബിൽ

D:-പൌരത്വ ബിൽ

Correct Answer:- Option-A

Question25:-2025 പ്രവാസി ഭാരതീയ സമ്മാൻ ലഭിച്ച മലയാളി വ്യവസായി.

A:-എം. എ. യൂസഫലി

B:-രവിപിള്ള

C:-രാമകൃഷ്ണൻ ശിവസ്വാമി അയ്യർ

D:-രമേശ് രാമകൃഷ്ണൻ

Correct Answer:- Option-C

Question26:-മുൾബെറി എന്ന പ്രശസ്തമായ നോവലിൻെറ രചയിതാവ് താഴെപ്പറയുന്നവയിൽ ആരാണ് ?

A:-എം. മുകുന്ദൻ

B:-ബെന്യാമിൻ

C:-ജയരാജ് ഇ. പി.

D:-നിംനാ വിജയൻ

Correct Answer:- Option-B

Question27:-ചുവടെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായവ ഏതെല്ലാം ?
a) കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷറെ നിയമിക്കുന്നത് ഗവർണറാണ്.
b) സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻെറ ചെയർമാൻ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണറാണ്.
c) കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ട ചെലവുകൾ സംസ്ഥാനത്തിൻെറ ഏകീകൃത ഫണ്ടിൽ നിന്നും ഈടാക്കുന്നു.
d) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻെറ അംഗങ്ങളുടെയും ചെയർമാൻെറയും കാലാവധി 6 വർഷമോ അല്ലെങ്കിൽ 62 വയസ്സ് തികയുന്നത് വരെയോ ആണ്.

A:-a യും c യും

B:-a യും d യും

C:-b യും c യും

D:-എല്ലാം ശരിയാണ്

Correct Answer:- Option-D

Question28:-സംസ്ഥാന സാമൂഹ്യനീതി വകുപ്പിൻെറ പദ്ധതികളുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ ശരിയല്ലാത്തവ കണ്ടെത്തുക.
a) സാമൂഹ്യനീതി വകുപ്പിൻെറ 'സ്വയംപ്രഭാ പദ്ധതി' യുടെ ഗുണഭോക്താക്കൾ വയോജനങ്ങളാണ്.
b) ഭിന്നശേഷിക്കാരായ കായികതാരങ്ങൾക്കുള്ള സാമൂഹ്യനീതി വകുപ്പിൻെറ പദ്ധതിയാണ് 'ശ്രേഷ്ഠം'.

c) ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്ക് മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്ന പദ്ധതിയാണ് 'മിത്രം'.
d) സാമൂഹ്യനീതി  വകുപ്പിന്റെ 'സാകല്യം പദ്ധതി' ട്രാൻസ്ജെൻഡറുകൾക്ക് വേണ്ടിയുള്ളതാണ്.

A:-a യും d യും

B:-b യും c യും

C:-c മാത്രം

D:-d മാത്രം

Correct Answer:- Option-C

Question29:-ചേരുംപടി ചേർക്കുക.

| | |
|---|---|
| a. കുടുംബശ്രീ പദ്ധതി | e. കാത്തു |
| b. ക്ലാസ്മേറ്റ് റോബോട്ട് | f. ഫിബോ |
| c. കെ-ഫോൺ | g. മിയ |
| d. നെഹ്റു ട്രോഫി | h. സ്നേഹിതാ |

A:-a-h, b-g, c-f, d-e

B:-a-h, b-g, c-e, d-f

C:-a-e, b-h, c-g, d-f

D:-a-g, b-h, c-e, d-f

Correct Answer:- Option-A

Question30:-കേരള ദുരന്തനിവാരണ അതോറിറ്റിയുമായി ബന്ധപ്പെട്ട വിവരങ്ങളിൽ ശരിയായത് ഏതെല്ലാം ?
a) ILDM-ദുരന്ത നിവാരണ പരിശീലനവുമായി ബന്ധപ്പെട്ടത്.
b) ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി തൃശ്ശൂരിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് KSEOC (കേരള സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്റർ).
c) 2005-ലെ ദുരന്ത നിവാരണ നിയമപ്രകാരം രൂപീകരിച്ച നിയമപരമായ സ്ഥാപനങ്ങളാണ് ദുരന്ത നിവാരണ അതോറിറ്റികൾ.
d) കേരള ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാൻ മുഖ്യമന്ത്രിയും വൈസ്ചെയർമാൻ റവന്യൂമന്ത്രിയുമാണ്.

A:-a യും b യും

B:-b യും c യും

C:-a യും c യും d യും

D:-എല്ലാം ശരിയാണ്

Correct Answer:- Option-C

Question31:-കേരള സംസ്ഥാന ആസൂത്രണ ബോർഡുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ കണ്ടെത്തുക.
a) 1967-ൽ രൂപീകരിച്ച കേരള സംസ്ഥന ആസൂത്രണ ബോർഡിന്റെ ആസ്ഥാനം കൊച്ചിയാണ്.
b) സംസ്ഥന ആസൂത്രണ ബോർഡിന്റെ ചെയർമാൻ ധനകാര്യമന്ത്രിയാണ്.
c) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിന്റെയും പ്രവർത്തനങ്ങളുടെയും ഏകോപനം നിർവഹിക്കുന്നത് സംസ്ഥന ആസൂത്രണ ബോർഡിന്റെ വികേന്ദ്രീകരണ ആസൂത്രണ വിഭാഗം ആണ്.
d) സംസ്ഥന ആസൂത്രണ ബോർഡിന്റെ മൂല്യനിർണയ വിഭാഗം 1969-ൽ നിലവിൽ വന്നു.

A:-a യും d യും

B:-a യും b യും

C:-c യും b യും

D:-c യും d യും

Correct Answer:- Option-D

Question32:-ശരിയല്ലാത്തത് ഏതൊക്കെ ?
a) കേരളത്തിൽ ആദ്യമായി ഡയസ്നോൺ നിയമം കൊണ്ടുവന്ന മുഖ്യമന്ത്രി എ. കെ. ആന്റണി ആയിരുന്നു.
b) കേരള നിയമസഭയിൽ ആദ്യമായി വിശ്വാസപ്രമേയം അവതരിപ്പിച്ച മുഖ്യമന്ത്രി സി. അച്യുതമേനോൻ ആണ്.
c) കേരളത്തിൽ ലക്ഷം വീട് പദ്ധതി ആരംഭിച്ച സമയത്തെ മിഖ്യമന്ത്രി സി. അച്യുതമേനോൻ.
d) കേരള മോഡൽ വികസനവുമായി ബന്ധപ്പെട്ട കേരള മുഖ്യമന്ത്രി ഉമ്മൻചാണ്ടി.

A:-a, b, c

B:-a യും b യും d യും

C:-b യും c യും

D:-a യും d യും

Correct Answer:- Option-D

Question33:-ചേരുംപടി ചേർക്കുക.

| | |
|---|---|
| I. കലിംഗരത്നാ അവാർഡ് | a. ദിവ്യദേശ് മുഖ് |
| II. വയലാർ അവാർഡ് | b. ഇ. സന്തോഷ് കുമാർ |
| III. ഫിദെ ചെസ്സ്ചാമ്പ്യൻഷിപ്പ് | c. സാമന്ത ഹാർവേ |
| IV. ബുക്കർ സമ്മാനം | d. ധർമ്മേന്ദ്ര പ്രധാൻ |

A:-I-d, II-b, III-a, IV-c

B:-I-a, II-c, III-b, IV-d

C:-I-a, II-b, III-d, IV-c

D:-I-c, II-b, III-a, IV-d

Correct Answer:- Option-A

Question34:-2025-ലെ വയലാർ അവാർഡുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന ഏത് ?

i) ഇ. സന്തോഷ്കുമാറിന്റെ 'തപോമയിയുടെ അച്ഛൻ' എന്ന നോവലിന് ലഭിച്ചു.

ii) 45-ാമത് വയലാർ രാമവർമ്മ സാഹിത്യ പുരസ്കാരമാണ്.

iii) ഒരു ലക്ഷം രൂപയും കാനായി കുഞ്ഞിരാമൻ രൂപകല്പന ചെയ്ത ശില്പവും പ്രശസ്തി പത്രവുമാണ് പുരസ്കാരം.

A:-ii മാത്രം

B:-എല്ലാം ശരിയാണ്

C:-i & iii മാത്രം

D:-iii മാത്രം

Correct Answer:- Option-A

Question35:-താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ ജോഡികൾ ഏതെല്ലാം ?
i) ചെണ്ട - തുകൽ വാദ്യം
ii) വീണ - തന്ത്രി വാദ്യം
iii) കുഴൽ - സുഷിര വാദ്യം

A:-i & ii മാത്രം

B:-i & iii മാത്രം

C:-എല്ലാം ശരിയാണ്

D:-i മാത്രം

Correct Answer:- Option-C

Question36:-''സത്യം, സമത്വം, സ്വാതന്ത്ര്യം'' - ഇത് ഒരു മലയാള പത്രത്തിന്റെ ആപ്തവാക്യം ആണ്. പത്രം ഏതാണെന്ന് കണ്ടെത്തുക.

A:-മലയാള മനോരമ

B:-മാതൃ ഭൂമി

C:-ദീപിക

D:-കേരള കൗമുദി

Correct Answer:- Option-B

Question37:-കേരള ഫോക്ലോർ അക്കാദമിയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏതെല്ലാം ?
i) കേരള ഫോക്ലോർ അക്കാദമി സ്ഥിതി ചെയ്യുന്നത് ചിറക്കൽ (കണ്ണൂർ).
ii) സ്ഥാപിതമായത് - 1995 ജൂൺ 28.

iii) നിലവിലെ ചെയർമാൻ - എം. മുകുന്ദൻ

A:-i മാത്രം

B:-എല്ലാം തെറ്റാണ്

C:-iii മാത്രം

D:-i & ii മാത്രം

Correct Answer:- Option-D

Question38:-കേരള കലാമണ്ഡലവുമായി ബന്ധപ്പെട്ട് താഴെ പറയുന്നവയിൽ തെറ്റായവ കണ്ടെത്തുക.
i) തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തിയിൽ സ്ഥിതിചെയ്യുന്നു.
ii) ഡോ. കെ. ജി. പൌലോസാണ് ആദ്യ വൈസ് ചാൻസിലർ.
iii) പ്രശസ്ത മലയാള കവി ചെറുശ്ശേരി 1930-ൽ സ്ഥാപിച്ചു.

A:-iii മാത്രം

B:-എല്ലാം ശരിയാണ്

C:-i & ii മാത്രം

D:-ii മാത്രം

Correct Answer:- Option-A

Question39:-കേരള സർക്കാരിന്റെ 'അശ്വമേധം' പദ്ധതി ഏത് രോഗവുമായി ബന്ധപ്പെട്ടതാണ് ?

A:-പ്രമേഹം

B:-കുഷ്ഠം

C:-കാൻസർ

D:-അഞ്ചാംപനി

Correct Answer:- Option-B

Question40:-ഇന്ത്യയുടെ പുതിയ ഉപരാഷ്ട്രപതിയായി  തെരഞ്ഞെടുക്കപ്പെട്ടത് ആരെ ?

A:-സി. പി. രാധാകൃഷ്ണൻ

B:-ദ്രൌപതി മുർമു

C:-ജഗ്ദീപ് ധൻഖർ

D:-ബി. സുദർശൻ റെഡ്ഡി

Correct Answer:- Option-A

Question41:-2, 6, 12, 20, 30, 42, _ _ _ എന്നീ ശ്രേണിയുടെ അടുത്ത സംഖ്യ ?

A:-64

B:-56

C:-54

D:-62

Correct Answer:- Option-B

Question42:-2 : 16 :: 3 : ?

A:-9

B:-27

C:-30

D:-81

Correct Answer:- Option-D

Question43:-ഒറ്റയാനെ കണ്ടെത്തുക.

A:-2

B:-8

C:-15

D:-20

Correct Answer:- Option-C

Question44:-ഒരു എക്സിബിഷന് സ്കൂളിൽ നിന്നും 66 കുട്ടികളെ കൊണ്ടുപോയി. സ്ഥലത്തെത്തിയപ്പോൾ അധ്യാപകർ കുട്ടികളെ നമ്പർ ക്രമത്തിൽ നിർത്തി. അതിൽ അമലിന്റെ സ്ഥാനം 38ാമതാണ് നിഥിന്റെ സ്ഥാനം പിന്നിൽ നിന്നും 17ാമതാണ്. എങ്കിൽ അവർക്കിടയിൽ എത്ര പേർ ഉണ്ട് ?

A:-22

B:-11

C:-31

D:-8

Correct Answer:- Option-B

Question45:-ശ്രീനിധിയുടെ വയസ്സ് ശ്രീവേദിന്റെ വയസ്സിനേക്കാൾ മൂന്നിരട്ടിയാണ്. ഇവരുടെ വയസ്സിന്റെ വ്യത്യാസം 4 ആണ്. എങ്കിൽ ശ്രീനിധിയുടെ വയസെത്ര ?

A:-4

B:-2

C:-6

D:-8

Correct Answer:- Option-C

Question46:-THANKS എന്നത് 208114119 എന്ന കോഡ് നൽകിയാൽ WELCOME എന്നതിന്റെ കോഡ് എത്ര ?

A:-35221153135

B:-23512315135

C:-32251513351

D:-25132153315

Correct Answer:- Option-B

Question47:-$1+\frac{3}{9}\times 2-1$= _________ ?

A:-$\frac{2}{3}$

B:-$\frac{3}{2}$

C:-$\frac{5}{3}$

D:-$\frac{3}{5}$

Correct Answer:- Option-A

Question48:-ORANGE എന്ന പദത്തെ RUDQJH എന്നെഴുതാമെങ്കിൽ GRAPES എന്നത് എങ്ങനെ എഴുതാം ?

A:-VHSDUJ

B:-JUDSHV

C:-DUJHSV

D:-UDJSHV

Correct Answer:- Option-B

Question49:-D H L P _______ ?

A:-S

B:-U

C:-W

D:-T

Correct Answer:- Option-D

Question50:-1 നും 100 നും ഇടയിലെ അഭാജ്യസംഖ്യകളുടെ എണ്ണം.

A:-15

B:-25

C:-35

D:-45

Correct Answer:- Option-B

Question51:-18.9 + 5.7 − 12.8 − 4.6 = _______ ?

A:-11.8

B:-10.4

C:-8.2

D:-7.2

Correct Answer:- Option-D

Question52:-8, 12, 16 ഇവയുടെ LCM കാണുക.

A:-12

B:-24

C:-36

D:-40

Correct Answer:- Option-C

Question53:-രണ്ടു സംഖ്യകൾ തമ്മിലുള്ള അംശബന്ധം 1:2 ഉം അവയുടെ ഉസാഘ 100 ഉം ആയാൽ സംഖ്യകൾ ഏവ ?

A:-200 : 300

B:-50 : 100

C:-100 : 150

D:-100 : 200

Correct Answer:- Option-D

Question54:-$\frac{6}{9}+\frac{2}{3}-\frac{5}{9}=$ ________ ?

A:-$\frac{7}{9}$

B:-$\frac{5}{9}$

C:-$\frac{6}{9}$

D:-$\frac{1}{9}$

Correct Answer:- Option-A

Question55:-$\frac{1}{10}+\frac{1}{100}=$ ________ ?

A:-0.10

B:-0.11

C:-0.01

D:-0.20

Correct Answer:- Option-B

Question56:-തുടർച്ചയായ 7 ഒറ്റ സംഖ്യകളുടെ ശരാശരി 13 ആയാൽ അവസാന ഒറ്റ സംഖ്യ ഏത് ?

A:-13

B:-11

C:-15

D:-19

Correct Answer:- Option-D

Question57:-20 m/sec വേഗതയിൽ ഓടുന്ന തീവണ്ടി 5 മണിക്കൂർ കൊണ്ട് എത്ര ദൂരം സഞ്ചരിക്കും ?

A:-282 km

B:-288 km

C:-200 km

D:-252 km

Correct Answer:- Option-B

Question58:-അനു 2000 രൂപയ്ക്ക് പൂച്ചെടികൾ വാങ്ങി.  വാങ്ങിയ പൂച്ചെടികൾ 30% ലാഭത്തിൽ അരുണിന് വിൽക്കുന്നുവെങ്കിൽ വിറ്റവില എത്ര ?

A:-2,600

B:-2,000

C:-1,800

D:-1,600

Correct Answer:- Option-A

Question59:-$15^2 = 225$ ആയാൽ $\sqrt{2.25}$ ൻെറ വിലയെത്ര ?

A:-0.15

B:-15

C:-1.5

D:-1.05

Correct Answer:- Option-C

Question60:-$2\frac{1}{3} + 4\frac{1}{3} - 1\frac{1}{3} =$ ________ ?

A:-$6\frac{1}{3}$

B:- $3\frac{1}{3}$

C:- $7\frac{1}{3}$

D:- $5\frac{1}{3}$

Correct Answer:- Option-D

Question61:-''Never in his career as a policeman had he met such a friendly and Pleasant character.''
Replace the underlined phrase with the suitable word given below.

A:-Amiable

B:-Skeptic

C:-Cynic

D:-Neutral

Correct Answer:- Option-A

Question62:-''A brisk walk is sufficient to raise your heart rate". choose the antonym of the underlined word.

A:-Ample

B:-Adequate

C:-Deficient

D:-Enough

Correct Answer:- Option-C

Question63:-''He was 'not mindful of the fact' that he had been deprived of his job and had to struggle to find one.''
The underlined phrase means :

A:-had not forgotten

B:-was unaware of the fact

C:-was not careful about the fact

D:-has got rid of the fact

Correct Answer:- Option-A

Question64:-'The injured cyclist was helped by a passerby.' Convert the sentence to a complex one.

A:-The passerby helped the injured cyclist.

B:-The cyclist, who was injured, was helped by a passerby.

C:-The injured cyclist helped the passerby.

D:-The injured cyclist had been helped by a passerby.

Correct Answer:- Option-B

Question65:-'He never admitted the charge against him.' Begin the sentence with 'Never ....... '

A:-Never he admitted the charge against him.

B:-Never he did admitted the charge against him.

C:-Never he did admit the charge against him.

D:-Never did he admit the charge against him.

Correct Answer:- Option-D

Question66:-He <u>disclosed the matter</u> in front of all the family members.
Choose the correct idiom for the underlined phrase.

A:-He let the cat out of the bag.

B:-He kept his word.

C:-He added fuel to fire.

D:-He beat around the bush.

Correct Answer:- Option-A

Question67:-Which set of spelling is correct ?
i) vacuum
ii) tuition
iii) enemity
iv) accomodation

A:-i and iv

B:-ii and iv

C:-ii and iii

D:-i and ii

Correct Answer:- Option-D

Question68:-'John was arranging the books in the shelf.'
Change into passive voice.

A:-John arranged the books in the shelf.

B:-The books was arranging by John.

C:-The books in the shelf were being arranged by John.

D:-The books in the shelf was being arranged by John.

Correct Answer:- Option-C

Question69:-Which set of spelling is correct ?
i) grievance
ii) tommorow
iii) tounge
iv) schedule

A:-i and iv

B:-i and ii

C:-iii and iv

D:-ii and iv

Correct Answer:- Option-A

Question70:-Arrange the jumbled sentences to make a meaningful passage.
A) Half the world's population is now under lock down orders.
B) As more information about the virus has become available public advisories have also shapeshifted accordingly.
C) It is to help fight the Covid -19 contagion that has picked up fearful pace through the month of March.
D) One such evolution has taken place on the question of masks.

A:-ABCD

B:-ACBD

C:-ACDB

D:-ABDC

Correct Answer:- Option-B

Question71:-Use the correct preposition.
I have lived in Mumbai _________ 2005.

A:-for

B:-since

C:-during

D:-until

Correct Answer:- Option-B

Question72:-Use the correct phrasal verb to match the underlined phrase.
'They held a ballot on whether to cancel the industrial action.'

A:-call for

B:-call in

C:-call off

D:-call at

Correct Answer:- Option-C

Question73:-Choose the correct phrasal verb to match the underlined phrase.
'We had lots before, but now we have nothing left'.

A:-run off

B:-run out of

C:-run off with

D:-run into

Correct Answer:- Option-B

Question74:-Which word does not mean 'a person without an abode'.

A:-tramp

B:-vagrant

C:-vagabond

D:-resident

Correct Answer:- Option-D

Question75:-Choose the sentence with correct verb form.
A) The Police are looking for clues.
B) The Police is looking for clues.
C) Where is your luggage ?
D) Where are your luggage ?

A:-B and C

B:-A and C

C:-A and D

D:-B and D

Correct Answer:- Option-B

Question76:-Use the correct question tag.
The boy is working hard, _________ ?

A:-is he ?

B:-is I ?

C:-isn't he ?

D:-is you ?

Correct Answer:- Option-C

Question77:-Choose sentence with the correct punctuation.

A:-'there is no more toothpaste' mentioned Laura

B:-There is no more toothpaste mentioned laura.

C:-"There is no more toothpaste" mentioned Laura

D:-"There is no more toothpaste," mentioned Laura.

Correct Answer:- Option-D

Question78:-Convert into reported speech.
Gerrard : I can retire here for a little while.

A:-Gerrard said that I can retire here for a little while.

B:-Gerrard said that he can retire here for a little while.

C:-Gerrard said that he could retire there for a little while.

D:-Gerrard said that he could retired here for a little while.

Correct Answer:- Option-C

Question79:-Convert into reported speech.

"What can we do now ?" Peggy asked.

A:-Peggy asked what could they do now.

B:-Peggy asked whether what could they do then.

C:-Peggy asked what they could do then.

D:-Peggy asked what can we do then.

Correct Answer:- Option-C

Question80:-What is the antonym of 'hostile' ?

A:-Aggressive

B:-Friendly

C:-Unfriendly

D:-Antagonistic

Correct Answer:- Option-B

Question81:-ശരിയായ പദം എടുത്തെഴുതുക.

A:-ഐക്യമത്യം

B:-ഏകമത്യം

C:-ഐകമത്യം

D:-ഏകൈമത്യം

Correct Answer:- Option-C

Question82:-ശരിയായ വാക്യം ഏത് ?

A:-ധാരാളം മഴ പെയ്തതു കൊണ്ടാണ് ചെടികൾ ചീഞ്ഞുപോയത്.

B:-ധാരാളം മഴ പെയ്തതു മൂലം കൊണ്ടാണ് ചെടികൾ ചീഞ്ഞുപോയത്.

C:-ധാരാളം മഴ പെയ്തതാണ് ചെടികൾ ചീഞ്ഞുപോയത്.

D:-ധാരാളം മഴ പെയ്തതു കൊണ്ടാണ് ചെടികൾ ചീഞ്ഞുപോകാൻ കാരണം.

Correct Answer:- Option-A

Question83:-''എന്തെന്തു സുന്ദരരംഗങ്ങളാണ് മുമ്പിൽ വിടർന്നു നില്ക്കുന്നത്'' - വാക്യത്തിൻെറ ശരിയായ അർത്ഥം കണ്ടെത്തുക.

A:-വളരെ സുന്ദരമായ രംഗങ്ങളാണ് മുമ്പിൽ വിടർന്നു നിൽക്കുന്നത്.

B:-ധാരാളം സുന്ദരമായ രംഗങ്ങളാണ് മുമ്പിൽ വിടർന്നു നിൽക്കുന്നത്.

C:-സുന്ദരരംഗങ്ങളാണ് മുമ്പിൽ വിടർന്നു നിൽക്കുന്നത്.

D:-ഒരു സുന്ദരരംഗവും മുമ്പിൽ വിടർന്നു നിൽക്കുന്നില്ല.

Correct Answer:- Option-B

Question84:-'Too many cooks spoil the broth' ഇതിന് സമാനമായ മലയാള ശൈലിയേത് ?

A:-പലതുള്ളി പെരുവെള്ളം

B:-ആളേറിയാൽ പാമ്പ് ചാവില്ല.

C:-ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം.

D:-ഒരുമ തന്നെ പെരുമ.

Correct Answer:- Option-B

Question85:-'മുമുക്ഷു' എന്ന പദത്തിൻെറ വിഗ്രഹാർത്ഥം എന്ത് ?

A:-കുടിക്കാനാഗ്രഹിക്കുന്നവൻ

B:-ഭക്ഷിക്കാൻ ആഗ്രഹം ഉള്ളവൻ

C:-പോകാൻ ആഗ്രഹം ഉള്ളവൻ

D:-മോക്ഷം ആഗ്രഹിക്കുന്നവൻ

Correct Answer:- Option-D

Question86:-'കരിണി' എന്ന പദത്തിൻെറ പുലിംഗപദം ഏത് ?

A:-കരിണം

B:-ഹരിണം

C:-കരി

D:-ഹരി

Correct Answer:- Option-C

Question87:-'വിഷമിച്ചു നില്ക്കുന്ന ആൾ' എന്നർത്ഥം വരുന്ന പദം ഏത് ?

A:-വിഷ്ടപൻ

B:-വിഷണ്ണൻ

C:-വിഷ്ടൻ

D:-വിഷ്ടമൻ

Correct Answer:- Option-B

Question88:-'വണ്ട്' എന്നതിന്റെ പര്യായ പദമല്ലാത്തതേത് ?

A:-ഭ്രമരം

B:-ഭൃംഗം

C:-ഭുജംഗം

D:-അളി

Correct Answer:- Option-C

Question89:-'ഐഹികം' എന്ന പദത്തിന്റെ വിപരീത പദം ഏത് ?

A:-അനൈഹികം

B:-ഐശ്വികം

C:-പാരത്രികം

D:-തൌര്യത്രികം

Correct Answer:- Option-C

Question90:-'കാക്ക കുളിച്ചാൽ കൊക്കാകുമോ ?' എന്ന പഴഞ്ചൊല്ലിന്റെ അർത്ഥം എന്ത് ?

A:-കാക്ക കുളിക്കില്ല, കൊക്കും കുളിക്കില്ല.

B:-സ്വതവേയുള്ളതാണ് സൌന്ദര്യം.

C:-മറ്റുള്ളവരുടെ സൌന്ദര്യം കണ്ട് അതുപോലെ ആകാൻ നോക്കിയാൻ സൌന്ദര്യം ഉണ്ടാകില്ല.

D:-കാക്ക കുളിച്ചാൽ കൊക്കാകുകയില്ല.

Correct Answer:- Option-C

Question91:-സമാനപദം കണ്ടെത്തുക.
ദ്രുപദൻെറ പുത്രി : ദ്രൌപദി
ദ്രോണൻെറ പുത്രൻ : __________ ?

A:-ദ്രോണി

B:-ദ്രൌണി

C:-ദ്രോണകൻ

D:-ഇതൊന്നുമല്ല

Correct Answer:- Option-B

Question92:-മരുത് + ലോലിതം : - ചേർത്തെഴുതുക.

A:-മരുത് ലോലിതം

B:-മരുദ് ലോലിതം

C:-മരുല്ലോലിതം

D:-മരുത് ല്ലോലിതം

Correct Answer:- Option-C

Question93:-അധ്യാപകർ, അധ്യാപകൻമാർ ഈ വാക്കുകൾ തമ്മിലുള്ള വ്യത്യാസം കണ്ടെത്തുക.

A:-ഒന്നിൽ കൂടുതൽ അധ്യാപകർ

B:-പുരുഷൻമാരും സ്ത്രീകളും ചേർന്ന അധ്യാപക സമൂഹം

C:-പുരുഷൻമാരായ അധ്യാപക സമൂഹം

D:-സ്ത്രീകളായ അധ്യാപക സമൂഹം

Correct Answer:- Option-B

Question94:-'ചട്ടമ്പിസ്വാമികൾ' എന്ന പദത്തിലെ സ്വാമികൾ എന്ന പ്രയോഗം എത് വ്യാകരണ വിശേഷണമാണ് ?

A:-ബഹുവചനം

B:-ഏകവചനം

C:-പൂജകബഹുവചനം

D:-ദ്വിവചനം

Correct Answer:- Option-C

Question95:-'ശരൽക്കാലം' എന്ന പദം പിരിച്ചെഴുതുക.

A:-ശരത് + കാലം

B:-ശരദ് + കാലം

C:-ശരത്ത് + കാലം

D:-ശരത് + ക്കാലം

Correct Answer:- Option-B

Question96:-കലി പുഷ്കരന്റെ അരികിൽ വന്നു.
കലി നളനെ തോല്പിക്കണമെന്ന് പറഞ്ഞു.
ഈ വാക്യങ്ങൾ കൂട്ടിച്ചേർക്കുക.

A:-കലി പുഷ്കരന്റെ അരികിൽ വന്നു നളനെ തോല്പിക്കണമെന്ന് പറഞ്ഞു.

B:-കലി പുഷ്കരന്റെ അരികിൽ വരികയും നളനെ തോല്പിക്കണമെന്നും പറഞ്ഞു.

C:-കലി പുഷ്കരന്റെ അരികിൽ വന്ന് നളനെ തോല്പിക്കുകയും ചെയ്യണമെന്ന് പറഞ്ഞു.

D:-കലി പുഷ്കരന്റെ അരികിൽ വരികയും നളനെ തോല്പിക്കണമെന്ന് പറയുകയും ചെയ്തു.

Correct Answer:- Option-D

Question97:-തെറ്റുതിരുത്തുക.
ദമയന്തി സുന്ദരിയായിരുന്നു.
ദമയന്തിക്ക് അന്തസ്സും ആഭിജാത്യവുമുണ്ടായിരുന്നു.

A:-ദമയന്തി സുന്ദരിയും അന്തസ്സും ആഭിജാത്യവുമുണ്ടായിരുന്നു.

B:-ദമയന്തിക്ക് അന്തസ്സും ആഭിജാത്യവും സൌന്ദര്യവുമുണ്ടായിരുന്നു.

C:-അന്തസ്സും ആഭിജാത്യവും സുന്ദരിയുമായിരുന്നു ദമയന്തി.

D:-സുന്ദരിയായ ദമയന്തിക്ക് അന്തസ്സ് ആഭിജാത്യമുണ്ടായിരുന്നു.

Correct Answer:- Option-B

Question98:-ശ്രേണി പൂർത്തിയാക്കുക.
മധുരം, _______ മധുരതമം

A:-മാധുര്യം

B:-മധുരതരം

C:-മധുരിമം

D:-മധുരിതം

Correct Answer:- Option-B

Question99:-'കീരം' എന്ന പദത്തിന് പകരം നിൽക്കുന്ന പദമേത് ?

A:-ശുകം

B:-പരഭൃതം

C:-മയൂരം

D:-കപോതം

Correct Answer:- Option-A

Question100:-'കവി' എന്ന പദത്തിൻെറ സ്ത്രീലിംഗ പദമേത് ?

A:-കവിയത്രി

B:-കവയിത്രി

C:-കവയത്രി

D:-കവിയിത്രി

Correct Answer:- Option-B